**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2151 | 12.2.2013-ൽ മറുപടിയ്ക്ക്

**കേസ്സുകൾ തെളിയിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി. എ. മാധവൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | നീതിപൂർവ്വമായും ശാസ്ത്രീയമായും സംസ്ഥാനത്തെ കേസ്സുകൾ തെളിയിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) & (ബി) | നീതിപൂർവ്വവും ശാസ്ത്രീയവുമായി കേസുകൾ തെളിയിക്കുന്നതിനായി മോഡണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലും ഫിംഗർപ്രിന്റ് ബ്യൂറോയിലും പോലീസ് സ്റ്റേഷനുകളിലും, വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതടക്കം അത്യാധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്തെ എഫ്.എസ്. എൽ ഹെഡ്ക്വാർട്ടേഴ്സിലും കണ്ണൂരും, തൃശ്ശൂരുമുള്ള റീജിയണൽ ലാബുകളിലും ശാസ്ത്രീയ പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആധുനികമായ ഡി.എൻ.എ ലാബിന്റെയും സൈബർ ലാബിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന് ആവശ്യമായ പരിശീലനം നൽകുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ഈ ലക്ഷ്യത്തിനായി എന്തെല്ലാം നടപടികളെടുക്കുകയുണ്ടായി; | | |
| (സി) | എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിനുവേണ്ടി പ്രയോജന പ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | വിവര സാങ്കേതിക വിദ്യയും ഡിജിറ്റൽ സാങ്കേതിക വിദ്യയും മറ്റും പ്രയോജനപ്പെടുത്തിയാണ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കേസുകൾ |

ശാസ്ത്രീയമായി തെളിയിക്കുന്നതിനായ് സൈബർ, ഡി.എൻ.എ പോളിഗ്രാഫ് തുടങ്ങിയ ആധുനിക ശാസ്ത്രീയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

| | |
|---|---|
| (ഡി) കേസ്സുകൾ തെളിയിക്കുന്നതിനും, പോലീസിന്റെ പ്രാഗത്ഭ്യം വർദ്ധിപ്പിക്കുന്നതിനുമായി, എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്? | (ഡി) കേസുകൾ തെളിയിക്കുന്നതിനും പോലീസിന്റെ പ്രാഗത്ഭ്യം വർദ്ധിപ്പിക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടുകൂടിയതുമായ പരിശീലന പദ്ധതികൾ പോലീസുദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. 60 പോലീസ് സ്റ്റേഷനുകളിൽ മൊബൈൽ ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ് ഫോം വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് സ്പോർട്ട് ബിൽ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ആഡിയോ - വീഡിയോ അനാലിസിസ് ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ